കമ്മീഷണറേറ്റിലൂടെ സംസ്ഥാനത്തെ എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി ദ്രുതഗതിയിൽ എടുത്തു വരുന്നു. കേന്ദ്ര വികലാംഗ നിയമത്തിൽ വിഭാവന ചെയ്തിട്ടുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഈ കമ്മീഷണറേറ്റിലൂടെ നടപ്പിലാക്കുന്നതോടെ വികലാംഗരുടെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ് എന്നു കരുതുന്നു.

(സി) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് 1.1.97 നും 14.8.98 നും ഇടയിൽ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സർവീസിൽ സ്ഥിരപ്പെടുത്തികൊണ്ട് പുറപ്പെടുവിച്ച 13-10-99-ലെ ഉത്തരവ് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ. വെക്കേറ്റ് ചെയ്യുന്ന മുറക്ക് മാത്രമേ അനന്തര നടപടി സ്വീകരിക്കുവാൻ കഴിയൂ.

(ഡി) പരിഗണനയിലില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള സ്ഥാനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ

29(767)ശ്രീ. ഉമ്മൻചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻസ്കീം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എപ്പോൾ മുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പെൻഷൻ സ്കീം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എത്രയും വേഗം പെൻഷൻ സ്കീം നടപ്പിലാക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) രണ്ട് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിവേദനം ലഭിച്ചിരുന്നു.

(ഡി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ ഗവൺമെന്റ് ജീവനക്കാരല്ല. തൊഴിലുടമയുടെ വിഹിതം നൽകിക്കൊണ്ട് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly